ശ്രീ. കെ. കരുണാകരൻ : ഷെഡ്യൂൾഡ് കാസ്റ്റിൽ പെടുത്തിയിട്ടുള്ളവരാണെങ്കിൽ അവർക്ക് കിട്ടാതിരിക്കുവാൻ കാരണമെന്താണെന്ന് അന്വേഷിക്കാം.

ശ്രീ. കോട്ടക്കുഴി സുകുമാരൻ : മത്സ്യത്തൊഴിലാളികളെന്ന വ്യാജേന സർട്ടിഫിക്കറ്റുകൾ സമ്പാദിച്ച് മത്സ്യത്തൊഴിലാളികൾക്ക് കിട്ടേണ്ട ആനുകൂല്യം തട്ടിയെടുക്കുന്നതായിട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ : പല ആനുകൂല്യങ്ങളും അർഹതപ്പെട്ട കയ്യിലേക്ക് ചെന്നെത്തുന്നില്ല എന്നുള്ള പരാതിയുണ്ട്. പക്ഷേ അങ്ങനെയുള്ള ഏതെങ്കിലും കേസ് ബഹുമാനപ്പെട്ട മെമ്പർ ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നാൽ നടപടി സ്വീകരിക്കാം.

ശ്രീ. സി. കെ. തങ്കപ്പൻ : കൊല്ലം ജില്ലയിൽ തേവലക്കര, തെക്കുംഭാഗം, കരുനാഗപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിൽ ഹരിജൻ മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും കൊടുത്തിട്ടുണ്ട്. പക്ഷേ വള്ളവും വലയും ഉപയോഗിച്ച് മത്സ്യബന്ധനം നടത്താൻ അവർക്ക് കഴിയുന്നില്ല. പരമ്പരാഗത മത്സ്യത്തൊഴിലാളികളും ഹരിജൻ മത്സ്യത്തൊഴിലാളികളും തമ്മിലുള്ള തർക്കംകൊണ്ടാണിത്. അതുകൊണ്ട് അവർക്ക് ലോൺ തിരിച്ചടക്കാനും കഴിയുന്നില്ല. അവരെ തമ്മിൽ യോജിപ്പിച്ച് സൗഹൃദപരമായ ഒരന്തരീക്ഷത്തിൽ മത്സ്യബന്ധനം നടത്തുന്നതിനും ഹരിജനങ്ങൾക്കുകൂടി ഈ മത്സ്യബന്ധനം നടത്തുന്നതിനുമുള്ള ഒരന്തരീക്ഷമുണ്ടാക്കാൻ ഒരു കോൺഫറൻസ് വിളിച്ചിട്ട് ഒരു സമാധാനപരമായ അന്തരീക്ഷത്തിനുവേണ്ടി മന്ത്രി ശ്രമിക്കുമോ?

ശ്രീ. കെ. കരുണാകരൻ : മത്സ്യത്തൊഴിലാളികളായ ഹരിജനങ്ങളാണെങ്കിൽ അവർ മീൻ പിടിക്കുന്നത് തടയാൻ ആർക്കും അവകാശമില്ല. അങ്ങനെ തടയുന്നുണ്ടെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കാം. ഈ പ്രശ്നത്തെസംബന്ധിച്ച് ലോക്കലായിട്ട് എന്തെങ്കിലും സെറ്റിൽമെന്റ് ആവശ്യമാണെങ്കിൽ തീർച്ചയായിട്ടും ഗവൺമെന്റ് ചെയ്യുന്നതാണ്.

## വനവും വനസമ്പത്തും സംരക്ഷിക്കുന്നതിന് നടപടി

*428. ശ്രീ. രാഘവൻ പൊഴക്കടവിൽ :
" കെ. കെ. തോമസ് :
" പന്തളം സുധാകരൻ :
" കെ. രാഘവൻ മാസ്റ്റർ :
" തെന്നല ജി. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനവും വനസമ്പത്തും സംരക്ഷിക്കുന്നതിനും പ്രകൃതിയുടെ സംതുലിതാവസ്ഥ നിലനിർത്തുന്നതിനും ഗവൺമെന്റ് ആവിഷ്ക്കരിച്ച വനനയം എന്തെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനസംരക്ഷണത്തിന് പുതിയ വന നയം ഉണ്ടാകുമ്പോൾ വന സംരക്ഷ ണസേനയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഒരു സേനാംഗത്തിന്റെ ചുമതലയിൽ ശരാശരി എത്ര കിലോമീറ്റർ വിസ്തൃതി വനം വരുമെന്ന് പറയാമോ ?

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) വനം വെട്ടിത്തെളിച്ച് വനം വനേതര ആവശ്യങ്ങൾക്കുവേണ്ടി ഉപയോ ഗിക്കുന്നത് നിയന്ത്രിക്കുക. വനംകയ്യേറ്റം ഇനി ഒരിക്കലും ഉണ്ടാകാതിരിക്കാൻ വനങ്ങ ളുടെ അതിർത്തികൾ സ്ഥിരമായി ജെണ്ടയിട്ടു വേർതിരിക്കുക, മരങ്ങളുടെ കള്ളക്ക ടത്ത് നിയന്ത്രിക്കാൻ വനംകയ്യേറ്റശ്രമങ്ങളെ അപ്പോഴപ്പോൾ തടയുന്നതിന് ആവശ്യമായ സംരക്ഷണനടപടികൾ ശക്തിപ്പെടുത്തുക, വന്യജീവി സങ്കേതങ്ങൾ വികസിപ്പിക്കു കയും വർദ്ധിപ്പിക്കുകയും ചെയ്യുക തുടങ്ങിയവയാണ്.

(ബി) പുതിയ വനനയം രൂപീകരിക്കാൻ നിയമിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ നടപടി എടു ക്കുന്നതാണ്.

(സി) ശരാശരി 50 ച. കി. മീ.

ശ്രീ. രാഘവൻ പൊഴക്കടവിൽ : നിലവിലുള്ള വനസംരക്ഷണ സേനാംഗങ്ങളുടെ എണ്ണത്തിന്റെ കുറവുകൊണ്ട് വനസംരക്ഷണം ശരിയായി നടക്കുന്നില്ല. പല ഭാഗങ്ങ ളിലും വനംകൊള്ളകളൊക്കെ നടക്കുന്നു എന്നുള്ളതുകൊണ്ട് കൂടുതൽ വനസേനാം ഗങ്ങളുടെ തെരഞ്ഞെടുപ്പ് നടത്തി കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : വനസംരക്ഷണ സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പി ക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : വനം കൊള്ളകൾ തടയുന്നതിന് വനത്തിനു ള്ളിൽത്തന്നെ വയർലെസ് സെറ്റുകൾ ഘടിപ്പിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനപരിപാ ടിക്ക് രൂപംകൊടുക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി മുമ്പൊരിക്കൽ പറയുകയുണ്ടായി. ഈ വയർലെസ് സെറ്റിന്റെ പ്രവർത്തനം അടിയന്തിരമായി നടപ്പിലാക്കുന്നതിന് ഗവൺമെന്റിന്റെ നടപടി എത്രത്തോളമായി, അത് ഉടനെ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : വയർലെസ് സെറ്റ് സ്ഥാപിക്കുന്ന പ്രവർത്തനം മൂന്നു ഘട്ടങ്ങളിലായി നടത്താനാണ് തീരുമാനിച്ചിരുന്നത്. അതിൽ ആദ്യഘട്ടം എന്ന നില യിൽ പെരിയാർ ടൈഗർ റിസർവ് വനത്തിൽ വയർലെസ് സെറ്റുകൾ ഇതിനകം സ്ഥാപിച്ചുകഴിഞ്ഞു. രണ്ടാംഘട്ടം നെയ്യാർ, ഇടുക്കി, പറമ്പിക്കുളം, ഇരവികുളം, വയ നാട് എന്നിവിടങ്ങളിൽ 1984 മാർച്ചിൽ പ്രവർത്തനം പൂർത്തിയാകും. മൂന്നാംഘട്ടം ബാക്കിയുള്ളവ 1987-ലും പൂർത്തിയാകും.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. തോമസ് : വനങ്ങളുടെ അതിർത്തിയിൽ ജെണ്ടയിട്ട് വനസംരക്ഷണം നടത്തുമെന്ന് മന്ത്രി ഇവിടെ പ്രസ്താവിച്ചു. ഇത് വളരെ ചെലവുള്ള ജോലിയാണ്. എത്ര ജെണ്ടകളാണ് ഇടാൻ ഉദ്ദേശിക്കുന്നത്? അതിൽ എത്ര ഇപ്പോൾ ഇട്ടു? ബാക്കി ഇടുന്നതിന് വല്ല പദ്ധതിയുമുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : കഴിഞ്ഞകാലങ്ങളിൽ ഇട്ടതിന്റെ കണക്ക് എന്റെ കയ്യിലില്ല. ഇന്നത്തെ നിലയിൽ കഴിഞ്ഞകൊല്ലം തയ്യാറാക്കിയ ഒരു റിപ്പോർട്ടനുസരിച്ച് ഒട്ടാകെ അതിർത്തി സംരക്ഷിക്കുന്നതിനുവേണ്ടി നമുക്ക് ഏതാണ്ട് 85,000 ജെണ്ടകളിടേണ്ടിവരും. അതിലേക്കായി കഴിഞ്ഞകൊല്ലംതന്നെ 10579 ജെണ്ടകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. കെ. തോമസ് : ജെണ്ടകളിടുമ്പോൾ കൈവശകൃഷിക്കാരുടെ ഭൂമിക്കകത്തുകൂടി ജെണ്ടയിടുന്നു എന്ന പരാതി പല കൈവശ കൃഷിക്കാരിൽനിന്നുമുണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; അതിനുശേഷം ജെണ്ടയിടുന്നതിന് തയ്യാറാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : നമ്മൾ അംഗീകരിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ച് പരിശോധിച്ചതിനുശേഷമാണ് ജെണ്ടയിടുന്നത്.

ശ്രീ. കെ. രാഘവൻമാസ്റ്റർ : വനസംരക്ഷണത്തിന്റെ ഭാഗമായ ഫയർ പ്രൊട്ടക്ഷനുവേണ്ടിയുള്ള പണം വളരെ അപര്യാപ്തമല്ലേ? കഴിഞ്ഞ പ്രാവശ്യം ഇത് വേണ്ടവിധത്തിലില്ലാത്തതുകൊണ്ട് ഈ കാര്യത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കാര്യത്തിൽ എന്തെങ്കിലും കാര്യമായി ചെയ്യാൻ സർക്കാർ ശ്രമിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : സാമ്പത്തികമായ പരാധീനതയുടെ പേരിൽ ഈ പ്രവർത്തനത്തിന് തടസം വന്നുകൂടാ. അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. രാഘവൻമാസ്റ്റർ ; വനപാലകന്മാരെ സംബന്ധിച്ചിടത്തോളം ഫോറസ്റ്റു ഡിപ്പാർട്ടുമെന്റിൽ ആദ്യകാലങ്ങളിൽ ഗിരിവർഗക്കാർക്കാണ് കൂടുതൽ പ്രാമുഖ്യം നൽകിയിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളാ അസംബ്ലിയുടെ പട്ടികജാതി-പട്ടികവർഗ ക്ഷേമാന്വേഷണകമ്മിറ്റിതന്നെ 50 ശതമാനം താഴെക്കിടയിലുള്ള ഉദ്യോഗസ്ഥന്മാരിൽ ഗിരിജനങ്ങൾക്ക് കൊടുക്കണമെന്നുള്ള നിർദ്ദേശം വച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതോടൊപ്പം അവർക്കാവശ്യമായ പരിഷ്കൃതമായിട്ടുള്ള ഉപകരണങ്ങൾ നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : വനത്തിലുണ്ടാകുന്ന ജോലികളിൽ ഭൂരിപക്ഷവും ഗിരിജനവർഗത്തിൽപ്പെട്ടവർക്കുതന്നെയാണ് കൊടുക്കുന്നത്. മറ്റു കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തെന്നല ജി. ബാലകൃഷ്ണപിള്ള : വനസംരക്ഷണസേനയിൽ എത്രപേർക്ക് ആയുധം കൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? മുഴുവൻ ആളുകൾക്കും കൊടുത്തിട്ടില്ലെങ്കിൽ ബാക്കിയുള്ളവർക്കുകൂടി കൊടുക്കുന്ന കാര്യത്തെക്കുറിച്ചാലോചിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : വനസംരക്ഷണ സേനാംഗങ്ങളിൽ താഴെക്കിടയിലുള്ളവർക്ക് ഇപ്പോൾ ആയുധം കൊടുക്കുന്നില്ല. ഫ്ളൈയിംഗ്സ്ക്വാഡിൽ ഏതാണ്ട് 28 തോക്കുകൾ കൊടുത്തിട്ടുണ്ട്. അതുപോലെ വൈൽഡ്ലൈഫ് വിഭാഗത്തിൽ 30 തോക്കുകളും നൽകിയിട്ടുണ്ട്.

ശ്രീ. വി. ജെ. തങ്കപ്പൻ : വനവും വനസമ്പത്തും സംരക്ഷിക്കുന്നതിനും പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും അനുകൂലമായി ബഹുജനാഭിപ്രായം വളർത്തുന്നതിനും വനം നശിപ്പിക്കുന്നവർക്ക് മാനസികപരിവർത്തനമുണ്ടാക്കുന്നതിനും വേണ്ടി സാഹിത്യരചന നടത്താൻ തയ്യാറുള്ള സാഹിത്യകാരന്മാർക്കും കവികൾക്കും നിർദ്ദേശം നൽകാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : നമ്മുടെ സംസ്ഥാനത്ത് ധാരാളം സാമൂഹ്യ സംഘടനകൾ വനബോധം ജനങ്ങളിലുണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. വനനശീകരണത്തിനെതിരെ ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാനുള്ള ശ്രമം നടക്കുന്നുണ്ട്. അതിനെ ചില വിധത്തിലെല്ലാം സർക്കാർ പ്രോൽസാഹിപ്പിക്കുന്നുമുണ്ട്.

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി വനവും വനസമ്പത്തും സംരക്ഷിക്കുന്നതിനുള്ള ശക്തമായ നടപടികൾ ഉണ്ടാകുമെന്ന്. പക്ഷേ ഈ സഭയിൽത്തന്നെ പലപ്പോഴും പറഞ്ഞിട്ടുണ്ട് വനം കയ്യേറുന്ന ആളുകൾക്ക് ഒരു സമയപരിധിവച്ച് പട്ടയം കൊടുക്കുന്ന സമ്പ്രദായം. വനം എത്രയുണ്ട്; അതിന് ബൗണ്ടറി നിശ്ചയിച്ചിട്ടുണ്ടോ; കയ്യേറ്റം നടത്താതിരിക്കാനുള്ള എന്തെങ്കിലും നടപടി നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : അതിന് രണ്ടുമാർഗമാണ് സ്വീകരിക്കാനുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച ഒരു കാര്യം ശരിയാണ്. പഴയകാലത്ത് 1868 എന്നു വച്ചു. അതുകഴിഞ്ഞ് 77 ആയി. ഏതായാലും ഇപ്പോൾ സമീപകാലത്തായി ഒരിഞ്ചുവനം പുതുതായിട്ട് കയ്യേറിയതായി പരാതിയില്ല. അതിനെ അപ്പപ്പോൾ തടയാൻ ശ്രമിക്കുന്നുണ്ട്. അതുപോലെതന്നെയാണ് ഞാൻ നേരത്തേപറഞ്ഞത്. ഒന്ന്, പുതുതായിട്ട് വനഭൂമിയിൽ കയറാൻ അനുവദിക്കാതിരിക്കുക രണ്ട്, ഉള്ളതിന്റെ അതിർത്തി സംരക്ഷിക്കുക. ഈ നടപടികളാണ് ഇപ്പോൾ ചെയ്തുവരുന്നത്.

ശ്രീ. കെ. ജെ. ജോർജ് : വനസംരക്ഷണസേനയ്ക്ക് ആയുധങ്ങൾ നൽകിയിട്ടുണ്ടെന്നു പറഞ്ഞു. ആനയേയും മറ്റും വേട്ടയാടാൻ വരുന്ന വനംകൊള്ളക്കാർ ആധുനികമായ ആയുധങ്ങൾ ഉപയോഗിക്കുന്നതുകൊണ്ട് വേണ്ടത്ര ആയുധങ്ങൾ നമ്മുടെ വനസേനയ്ക്കില്ല. അതുകൊണ്ട് പുത്തനായ ആയുധങ്ങൾ കൊടുക്കാനും നല്ല വാഹനങ്ങൾ കൊടുക്കുവാനും ഈ ഗവൺമെന്റ് പരിശ്രമിക്കുമോ? അങ്ങനെയാണെങ്കിൽ ആ നടപടി എന്നു നടപ്പിലാക്കുമെന്ന് ഒന്നു പറയാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ : വനസംരക്ഷണ പ്രവർത്തനത്തിൽ ആയുധത്തിന്റെ പോരായ്മകൊണ്ട് പ്രയാസങ്ങൾ നേരിടുന്നു എന്ന് പ്രത്യേകമായി ഏതെങ്കിലും പ്രദേശങ്ങളിൽനിന്ന് ചൂണ്ടിക്കാണിക്കപ്പെട്ടു കഴിഞ്ഞാൽ ആ പ്രദേശത്ത് പ്രത്യേകമായി ശ്രദ്ധ കേന്ദ്രീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ് : വനംകയ്യേറ്റം നിരുൽസാഹപ്പെടുത്തുമെന്നും 1977-നു മുമ്പ് വനം കയ്യേറിയവരെ അംഗീകരിച്ച് പട്ടയം നൽകുമെന്നുമാണ് ഗവൺമെന്റ് പ്രഖ്യാപിച്ചത്. എന്നാൽ മലബാർ മേഖലയിൽ 77-നു മുമ്പ് ഇതുപോലെ കയ്യേറിയിട്ടുള്ള ആളുകൾക്ക് ആ വനഭൂമി പതിച്ചുകൊടുക്കാനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതിനെസംബന്ധിച്ച് ഗവൺമെന്റിന്റെ സമീപനമെന്താണ്?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഞാൻ ഈ സഭയിൽ ഒരുപാട് തവണ വ്യക്തമാക്കിയ കാര്യങ്ങളാണ്. മലബാർ ഭാഗത്തുള്ളത് സ്വകാര്യവനമാണ്. റിസർവ് വനമല്ല. അത് പ്രത്യേകമായി പരിശോധിക്കേണ്ട കാര്യമാണ്.

ശ്രീ. സി. ടി. കൃഷ്ണൻ : ഇന്ന് വനങ്ങൾക്കും അതിർത്തിയില്ല, വനങ്ങളുടെ സമീപങ്ങളിൽ താമസിക്കുന്ന മലയോരകർഷകരുടെ കൃഷിഭൂമിക്കും അതിർത്തിയില്ല. അതുകൊണ്ടാണ് വനഭൂമിയെ വനേതരഭൂമിയാക്കുന്നതിന് സംരക്ഷിക്കാൻ കഴിയാത്തത്. അതിനാൽ ഒരു നിശ്ചിത കാലത്തിനകത്ത് വനങ്ങൾക്ക് അതിർത്തി നിർണ്ണയിക്കുകയും മലയോരകർഷകർക്ക് അവരുടെ കൈവശഭൂമിക്ക് അതിർത്തി നിശ്ചയിച്ച് പട്ടയം കൊടുക്കുകയും ചെയ്താൽ ഒരു പരിധിവരെ ഇത് നിയന്ത്രിക്കാൻ കഴിയും. അതുപോലെതന്നെ ഇന്ന് പതിനഞ്ചും ഇരുപതും കി. മീ. ദൂരെയാണ് ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ താമസിക്കുന്നത്. ഇങ്ങനെയായാൽ എങ്ങനെയാണ് വനം സംരക്ഷിക്കുന്നത്? അതുകൊണ്ട് ഈ വനത്തിന്റെ അടുത്തുതന്നെ അവർക്ക് താമസിക്കുന്നതിന് എന്തെങ്കിലും ഏർപ്പാട് ചെയ്യുന്നതിന് മന്ത്രി നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : വനാതിർത്തികൾ തിരിച്ച് ജണ്ട ഇടുന്ന നടപടി ഒരു നിശ്ചിതകാലഘട്ടത്തിനകത്ത്, പൂർത്തിയാക്കാനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. അതിനുതന്നെ ഏതാണ്ട് 620 ലക്ഷം രൂപ ചെലവ് വരുന്ന ഒരു പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ട്. വനത്തിന്റെ സമീപ പ്രദേശങ്ങളിൽ ഉദ്യോഗസ്ഥന്മാർ താമസിക്കണമെന്ന നിർദ്ദേശം തീർച്ചയായും പരിഗണിക്കാവുന്നതാണ്, അതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. വി. സുരേന്ദ്രൻപിള്ള : 1977-ന് മുമ്പ് കൈവശം വച്ചിരിക്കുന്ന കൃഷിഭൂമിക്ക് പട്ടയം കൊടുക്കുമെന്ന പ്രഖ്യാപനം നിലവിലിരിക്കേ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയ സ്ഥലങ്ങളിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ കയറി വ്യാപകമായി കൃഷിനശിപ്പിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? കൊല്ലം ജില്ലയുടെ കിഴക്കൻ മലയോരപ്രദേശമായ പത്തനാപുരം താലൂക്കിലാകമാനം ഇതുപോലെ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയ കൃഷിസ്ഥലങ്ങളും ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ കയറി

വ്യാപകമായി കൃഷി നശിപ്പിച്ച വിവരം കൊല്ലം ജില്ലാ വികസന സമിതി ഒരു പ്രമേയത്തിലൂടെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : വനഭൂമിയിലെ ചില പ്രശ്നങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടെ തന്ന നിവേദനങ്ങളുടെ അടിസ്ഥാനത്തിലുള്ള അന്വേഷണങ്ങൾ നടന്നുവരികയണ്. പക്ഷേ ഒരു വസ്തുത ഞാൻ സഭയുടെ ശ്രദ്ധയിൽപെടുത്താൻ ആഗ്രഹിക്കുന്നത് വനഭൂമി കയ്യേറിക്കഴിഞ്ഞാൽ കഴിഞ്ഞ കൊല്ലം കയ്യേറിയതായാലും കഴിഞ്ഞ ആഴ്ച കയ്യേറിയതായാലും അവരെല്ലാം പറയുന്നത് ഞങ്ങൾ 1977-നുമുമ്പ് കയ്യേറിയതാണ് എന്നാണ്. അതുകൊണ്ട് സംയുക്ത പരിശോധന നടത്തി ഏതാണ്ട് നിർണ്ണയം വന്നു കഴിഞ്ഞാൽ അവിടെ ഡിപ്പാർട്ടുമെന്റ് ഭൂമി തിരിച്ചെടുക്കുക, എന്നിട്ട് അതിർത്തി നിശ്ചയിക്കുക എന്നുതന്നെയാണ് സ്വീകരിക്കാവുന്ന നയം.

ശ്രീ. എസ്. ആർ. തങ്കരാജ് : വനസമ്പത്ത് സംരക്ഷിക്കുന്നതിനും പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനുംവേണ്ടി വ്യാപകമായി പ്രചരണം നടത്തുന്നത് ശാസ്ത്രസാഹിത്യപരിഷത്തുകാരാണ്. അവരുടെ പ്രചരണപരിപാടിക്ക് സർക്കാർ എന്തെങ്കിലും സഹായം നൽകുന്നുണ്ടോ? ഉണ്ടെങ്കിൽ എന്ത് സഹായമാണ് എന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : അതൊരു സാമൂഹ്യസംഘടനയാണ്. അതിന് സ്റ്റേറ്റ്ഗവൺമെന്റ് സഹായങ്ങളൊന്നും നൽകുന്നില്ല. ശാസ്ത്രസാഹിത്യപരിഷത്തുണ്ട്, അതുപോലെ സോഷ്യൽ ഫോറസ്ട്രി ക്ലബ്ബ്, നെഹ്രു യുവക് കേന്ദ്രം, കാൻഫഡ്, വനസ്നേഹസംഘടന, വനസംരക്ഷണസേന തുടങ്ങി പല സംഘടനകളും ഉണ്ട്.

ശ്രീ. ബന്നി ബഹനാൻ : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ ഒരു സേനാംഗത്തിന്റെ ചുമതലയിൽ 50 കി. മി. ദൈർഘ്യം വനം എന്നാണ് പറഞ്ഞത്. ഇതുതന്നെ വളരെ കൂടുതലാണ്. റേഞ്ചർമാർക്ക് അവരുടെ കോഴ്സിന് വേണ്ടിയുള്ള സൗകര്യങ്ങൾ കേരളത്തിലില്ല. കോയമ്പത്തൂർ മാത്രമേയുള്ളൂ. റേഞ്ചർമാരുടെ കോഴ്സിനുവേണ്ടി കോയമ്പത്തൂർ ഉള്ളതുപോലെ ഒരു സ്ഥാപനം കേരളത്തിൽ തുടങ്ങുന്നതിനും ഇവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : 50 ചതുരശ്ര കി. മീ. സ്ഥലം മറ്റ് സംസ്ഥാനങ്ങളിലെ ആളുകളുടെ അതിർത്തിയുമായി തട്ടിച്ചുനോക്കിയാൽ വലിയ ഒരു വ്യത്യാസമല്ല. പക്ഷേ കേരളത്തിന്റെ പ്രത്യേക പരിതസ്ഥിതിക്ക് അത് കുറച്ച് കൊണ്ടുവരണമെന്നാണ് ഗവൺമെന്റിന്റെ ഉദ്ദേശം. രണ്ടാമത്തെ നിർദ്ദേശം ഇന്ത്യാഗവൺമെന്റുമായി ബന്ധപ്പെടേണ്ട കാര്യമാണ്.

ശ്രീ. കെ. ടി. കണാരൻ : വനസംരക്ഷണ സേനയിലേക്ക് പി. എസ്. സി. തെരഞ്ഞെടുത്തിട്ടുള്ള ഉദ്യോഗാർത്ഥികളെ നിയമിക്കാത്ത പ്രശ്നമുണ്ടോ? ലിസ്റ്റ് അനുസരിച്ച് അവരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ അഭിപ്രായം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ : വനസംരക്ഷണ സേനയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആളുകളുടെ ലിസ്റ്റിൽ ഇനി നിയമിക്കാൻ ബാക്കിയുണ്ട് എന്ന് എനിക്ക് അഭിപ്രായമില്ല. പക്ഷേ വാച്ചർമാരുടെ തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരിൽ നിയമിക്കാൻ ബാക്കിയുണ്ട്. ആ ഒഴിവുകൾ നികത്തുന്നതിന് വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : വനസംരക്ഷണ സേനാംഗങ്ങൾക്ക് ആയുധങ്ങൾ ഇല്ലാത്തതുകൊണ്ട് വലിയ കുഴപ്പമില്ല എന്നാണ് മന്ത്രി ഇവിടെ പറഞ്ഞത്. വന സംരക്ഷണ സേനാംഗങ്ങൾ ഇന്ന് രക്ഷപ്പെടുന്നത് ഇന്ന് അവരുടെ കൈയിലുള്ള ആയുധങ്ങളായ രണ്ട് കൈയും കാക്കി ട്രൗസറും കുടുംബാംഗങ്ങളുടെ ഭാഗ്യവും വായിലെ നാവുംകൊണ്ട് മാത്രമാണ്. ഇതുകൊണ്ടാണ് ഇന്ന് വനസംരക്ഷണ സേനാംഗങ്ങൾക്കെതിരായി മുച്ചിക്കുണ്ടിൽ പെറ്റിഷൻ കമ്മിറ്റി പോയപ്പോൾ അവിടെയുള്ള കൊള്ളക്കാരായ ആളുകളുടെ വക വലിയ ആക്രമണങ്ങളെ നേരിടേണ്ടിവന്നത്. പെറ്റിഷൻ കമ്മിറ്റിക്കു തന്നെ ഇതേക്കുറിച്ച് തെളിവ് കിട്ടിയതാണ്. വനം കൊള്ള തടയുന്നതിനുവേണ്ടി ആധുനിക രീതിയിലുള്ള ആയുധങ്ങൾ എല്ലാ വനസേനാംഗങ്ങൾക്കും കൊടുക്കുന്നതിന് ഉള്ള അടിയന്തിരനടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : പൊതുവായി എല്ലാ അംഗങ്ങൾക്കും കൊടുക്കേണ്ട കാര്യമില്ല എന്നാണ് ഞാൻ പറഞ്ഞത്. ഏതെങ്കിലും പ്രത്യേക പ്രദേശത്ത് ആയുധങ്ങൾ ഇല്ലാത്തതിന്റെ ഫലമായി വനസംരക്ഷണം ഫലപ്രദമാക്കാൻ കഴിയുന്നില്ല എന്നു വന്നാൽ അവിടെ ആയുധം കൊടുക്കാനും മറ്റ് സംവിധാനം ഉണ്ടാക്കാനും സർക്കാർ തയ്യാറാണ്.

ശ്രീ. ജി. വരദൻ : സാർ, വനത്തിൽ തങ്ങിയിരുക്കകൂടിയ ആദിവാസികൾതാൻ അന്ത വനത്തെ ഉൺമയിൽ പാതുകാക്കക്കൂടിയവർകൾ. ആകെയാൽ അന്ത ആദിവാസി മക്കളുക്കു ഇന്ത പയിറ്റ്സിയൈക് കൊടുത്തു അവർകളുക്കു അങ്കുള്ള ഉയർന്ത ഉത്തിയോകം കൊടുത്താൽ അവർകൾ അതൈ നല്ല മുറൈയിൽ പാതുകാപ്പാർകൾ എൻപതാൽ അമൈച്ചരുക്കു ഇതു സമ്പന്തമാക എൻനവാവതു അപിപ്പരായം ഉൺടുമാ?

ശ്രീ. കെ. പി. നൂറുദ്ദീൻ : നിലവിലുള്ള ചട്ടമനുസരിച്ചേ പരിശോധിക്കാൻ കഴിയൂ.

ശ്രീ. കെ. ഇ. ഇസ്മയിൽ : വനഭൂമി പല സ്ഥലങ്ങളിലും കയ്യേറുകയും നശിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ പശ്ചാത്തലത്തിൽ വനം സംരക്ഷിക്കാൻ ഞങ്ങൾക്ക് കഴിയില്ല, അതുകൊണ്ട് നാട്ടിൽ വനം വച്ചുപിടിപ്പിക്കണം എന്ന നിലയിലാണല്ലോ ഇപ്പോൾ സാമൂഹ്യവനവൽക്കരണ പരിപാടി പൊതുജനപങ്കാളിത്തത്തോടുകൂടി നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ഈ പശ്ചാത്തലത്തിൽ മുൻകാല

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റുകളുടെ ഒരു നിർദ്ദേശം-ഒരു ഫോറസ്റ്റ് ബെൽറ്റ്-സംഘടിപ്പിക്കണമെന്ന നിർദ്ദേശം-കഴിഞ്ഞകാല ഗവൺമെന്റുകൾക്ക് ഉണ്ടായിരുന്നു. കൈയേറ്റം തടയാനും പുതിയ വന നശീകരണപ്രവർത്തനങ്ങൾ തടയുന്നതിനും ഫോറസ്റ്റ് മേഖലകളിലൊട്ടാകെ ഒരു എസ്റ്റേറ്റ് പോലെ നിശ്ചിതപരിധിയിൽ ഒരു ബെൽറ്റ് സംഘടിപ്പിക്കാൻ ആവശ്യമായ രീതിയിൽ ഈ സാമൂഹ്യവനവൽക്കരണത്തിന് ചെലവാക്കുന്ന സംഖ്യകൊണ്ട് തികയുന്നതുമായ ഒരു നടപടിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ; അത് പ്രായോഗികമല്ലേ എന്നുള്ളതിനെക്കുറിച്ച് എന്താണ് അഭിപ്രായം?

<u>ശ്രീ. കെ. പി. നൂറുദ്ദീൻ</u> : നിലവിലുള്ള വനം സംരക്ഷിക്കാൻ കഴിയാത്തതിന്റെ ഫലമായിട്ടല്ല സാമൂഹ്യവനവൽക്കരണ പദ്ധതി. നിലവിലുള്ള വനങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം പുതുതായി മരം വച്ചുവളർത്തുക എന്നുള്ളതാണ് സാമൂഹ്യ വനവൽക്കരണപദ്ധതിയുടെ ഉദ്ദേശം. അതിർത്തി സംരക്ഷിക്കുന്നതിനുള്ള ബെൽറ്റ് പ്ലാന്റേഷനും സാമൂഹ്യവനവൽക്കരണ പരിപാടിയുടെയും ഭാഗമാണ്. ഇതിന്റെ പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

<u>ശ്രീ. പി. സീതിഹാജി</u> : വനവൽക്കരണത്തിന് പ്രസിദ്ധി നേടിയ അട്ടപ്പാടിയിൽ ഇടതുപക്ഷമുന്നണിയിലെ ഒരു പ്രഗത്ഭനായ എം. എൽ. എ. യും കള്ളുഷാപ്പ് കോൺട്രാക്ടറുമായ ശ്രീ. കുമാരൻ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുടെമേൽ കയ്യേറ്റം ചെയ്യുകയും ചന്ദനം കട്ട് കടത്തുകയും ചെയ്ത കേസ്സ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

(ഉത്തരം പറഞ്ഞില്ല)

<u>ശ്രീ. ഇ. കെ. നായനാർ</u> : വനസംരക്ഷണത്തിന്റേയും പരിസ്ഥിതി സംരക്ഷണത്തിന്റേയും പേരിൽ ആണ് സൈലന്റ്വാലി നിർത്തിവച്ചിരിക്കുന്നത് എന്ന് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചതായി പറയപ്പെടുന്നു. അതുപോലെ അതിനടുത്ത് 50,000 ഏക്കർ സ്ഥലം വന്യമൃഗസങ്കേതത്തിനുവേണ്ടിയുള്ളത് നാഷണൽ പാർക്ക് ആക്കാൻ കേന്ദ്രഗവൺമെന്റ് നിർദ്ദേശവും ഉണ്ടായിരുന്നു. സൈലന്റ്വാലിയെ സംബന്ധിച്ച് യാതൊരു റിപ്പോർട്ടും എം. എൽ. എ. മാർക്കോ നിയമസഭക്കോ കിട്ടിയിട്ടില്ല. കേന്ദ്രത്തിന്റെ ആ വസ്തുത ശരിയാണോ, 50,000 ഏക്കർ വന്യമൃഗസംരക്ഷണ കേന്ദ്രമാക്കാനുള്ള ഗവൺമെന്റിന്റെ നിർദ്ദേശം എത്ര കണ്ട് പ്രാവർത്തികമായി?

<u>ശ്രീ. കെ. പി. നൂറുദ്ദീൻ</u> : ഏറ്റവും വലിയ വന്യജീവി സംരക്ഷണകേന്ദ്രം എന്ന നിലയിലാണ് ഇന്ത്യാഗവൺമെന്റ് ആ പദ്ധതി വേണ്ടാ എന്നുവച്ചത്. അത് വേണ്ടാ എന്നു വച്ചുകഴിഞ്ഞു. നാഷണൽ പാർക്ക് ആയി ഇന്ത്യാഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഇതിനകംതന്നെ പ്രഖ്യാപിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly